**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2441 01.04.2013-ൽ മറുപടിയ്ക്ക്

<u>പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.പി..ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |
| എ) പ്ലാച്ചിമട കൊക്കക്കോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ട്രിബ്യൂണൽ ബിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | എ) പ്രസ്തുത ബിൽ, 2011 ഫെബ്രുവരി 24-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കുകയും പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്നതിനായി കേരള ഗവർണ്ണർ 29.03.2011 ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിട്ടുള്ളതുമാണ്. പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട സംസ്ഥാന സർക്കാരിന്റെ വിശദീകരണം 17.11.2011 -ലെ 14227/ലെഗ്.എഫ്.2/2011/നിയമം നമ്പർ കത്ത് മുഖേനയും 03.07.2012 -ലെ 10388/ ലെഗ്.എഫ്.2/2011/നിയമം നമ്പർ കത്ത് മുഖേനയും അറിയിച്ചിട്ടുള്ളതും എത്രയും വേഗം പ്രസിഡന്റിന്റെ അനുമതി ലഭ്യമാക്കാൻ അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. |
| ബി) പ്രസ്തുത ബിൽ നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി വിശദമാക്കുമോ ; | ബി) പ്രസ്തുത ബിൽ പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ് |
| സി) പ്രസ്തുത ബിൽ എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | സി) പ്രസിഡന്റിന്റെ അനുമതി ലഭിച്ചാൽ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ